ആവശ്യമാണ്. പാതയുടെ റൂട്ട്, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ഡി.എം.ആർ.സി.-യാണ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നത്. സർവ്വേ ജോലികൾ തടസ്സപ്പെട്ടതുകാരണം പ്രതീക്ഷിച്ച സമയത്ത് പദ്ധതി രൂപരേഖ തയ്യാറാക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി സർവ്വേ ജോലികൾ പൂർത്തീകരിച്ച് പദ്ധതിരേഖ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2011-ലെ പ്രാരംഭ കണക്ക് പ്രകാരം തിരുവനന്തപുരം - കാസർഗോഡ് പാതയ്ക്ക് 1.2 ലക്ഷം കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി ചെലവിലേയ്ക്കായി വിവിധ സാമ്പത്തിക സ്രോതസ്സുകൾ പരിഗണിച്ച് വരുന്നതേയുള്ളൂ.

(സി) 2011-12 സാമ്പത്തിക വർഷത്തിൽ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് 50 കോടി രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയും അനുവദിച്ചു. ഇതുവരെ ഡി.എം.ആർ.സി.-ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 21 കോടി രൂപ നൽകിയതുൾപ്പെടെ മൊത്തം 23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

എമർജിംഗ് കേരള നിക്ഷേപ സംഗമം

202 (587) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള നിക്ഷേപ സംഗമം വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

ഉത്തരം

(എ & സി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിംഗ് കേരള സംഗമം സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയത്.

എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികൾ കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടപ്പാക്കുന്നത്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു.

എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാകുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നയപരമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയ്ക്ക് തുടർന്നും അവതരിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിമാരും പ്രഗല്ഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

ഇതുകൂടാതെ, പ്രോജക്ടുകളെ കുറിച്ച് വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറായും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചു.

എമർജിംഗ് കേരളയിൽ ലഭിച്ച ആശയങ്ങളേയും പദ്ധതികളേയും കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിലെ മുൻ സെക്രട്ടറിയായ ശ്രീ. മാധവൻ നമ്പ്യാർ ചെയർമാനായി ഇൻവെസ്റ്റ് പ്രൊമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

നിർമ്മാണ വ്യവസായ മേഖല

203 (588) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ വ്യവസായ മേഖല പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ മണൽ, കരിങ്കല്ല്, ചല്ലി എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?